16

# സ്നേഹിക്കുവാനുള്ള ശക്തി

## (3:14- 21)

നിങ്ങളുടെ പ്രാർത്ഥനകളിൽ വലിയ കാര്യങ്ങൾ ചോദിക്കാറുണ്ടോ? പ്രാർത്ഥനയെ കുറിച്ചു ഈ.എം. ബൗണ്ട്സ് ഈ ചിന്തകൾ നല്കിയിരിക്കുന്നു: "ദൈവപുത്രൻ നമുക്കുവേണ്ടി, ഭദ്രമാക്കാത്ത സമയമോ, നിത്യതയോ ഇല്ല ... 'ധൈര്യത്തോടെ കൃപാസനത്തോടു അടുത്തുചെല്ലുവാൻ' ദൈവം നമ്മോടു കല്പിച്ചിരിക്കുന്നു. വലുതായ ചോദ്യത്താൽ ക്രിസ്തു ആദരിക്കപ്പെടുകയും ദൈവം മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നു."[1] "വലിയ ചോദ്യത്താൽ" നിങ്ങളുടെ പ്രാദേശിക ഇടവക ക്രിസ്തുവിനെ ആദരിക്കയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നുണ്ടോ?

വലിയ തോതിൽ പ്രാർത്ഥിക്കുക എന്നാൽ എന്താണെന്നു പൗലൊസ് അറിഞ്ഞിരുന്നു. 3:14-21 ൽ, പൗലൊസ് എഫെസൊസിലെ ക്രിസ്തുവിന്റെ ശരീരമായ, പ്രാദേശിക സഭക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. ഇതിനേക്കാൾ നന്നായി ഒരു പ്രാദേശിക സഭക്കുവേണ്ടി എങ്ങനെ പ്രാർത്ഥിക്കും? "വലുതായ ചോദ്യത്താൽ" അതു ക്രിസ്തുവിനെ ആദരിക്കയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

> അതു നിമിത്തം ഞാൻ, സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല കുടുംബത്തിനും, പേർ വരുവാൻ കാരണമായ, പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു, അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു, ശക്തിയോടെ ബലപ്പെടേണ്ടതിനും; ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നൽകേണമെന്നും; നിങ്ങൾ സ്നേഹത്തിൽ, വേരൂന്നി അടിസ്ഥാനപ്പെട്ടവരായി, വീതിയും നീളവും ഉയരവും ആഴവും എന്ത് എന്നു സകല വിശുദ്ധന്മാരോടു കൂടെ ഗ്രഹിപ്പാനും, പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തമാകയും, ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണമെന്നും പ്രാർത്ഥിക്കുന്നു.
>
> എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ, നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു, സഭയിലും ക്രിസ്തുയേശുവിലും, എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ! ആമേൻ (3:14-21).

ഈ പ്രാർത്ഥന നാം പരിശോധിക്കുമ്പോൾ മൂന്നു പ്രധാന പാഠങ്ങൾ നാം പഠിക്കും.

## മറ്റുള്ളവരെ സ്നേഹിക്കുവാൻ ദൈവം ശക്തി നല്കുന്നു

പൗലൊസിന്റെ മനസ്സിൽ ക്രിസ്തുവിന്റെ ശരീരമാണ്. ദൈവം ആഗ്രഹിക്കുന്ന രീതിയിൽ ക്രിസ്തുവിന്റെ ശരീരം കാണുവാനാണ് അവൻ ആഗ്രഹിച്ചത്. ശക്തവും, ഏകീഭവിച്ചതും, സ്നേഹിക്കുന്നതുമായ പ്രാദേശിക സഭയെ കുറിച്ചാണ് അവൻ സ്വപ്നം കണ്ടത്.

അങ്ങനെ സംഭവിക്കുവാൻ എന്താണാവശ്യം? അതിനു ദൈവത്തിന്റെ ശക്തി ആവശ്യമാണ്, അതുകൊണ്ട് പൗലൊസിന്റെ പ്രാർത്ഥന അതായിരുന്നു. വാക്യം 16 പറയുന്നു, "അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനു ഒത്തവണ്ണം, അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു, ശക്തിയോടെ ബലപ്പെടേണ്ടതിനും; ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും; ..." (3:16, 17).

ഒരു പ്രാദേശിക സഭയുടെ ഏറ്റവും വലിയ ആവശ്യം എന്താണ്? മറ്റെന്തിനേക്കാളും ഒരു ഇടവകയ്ക്ക് എന്താണ് ആവശ്യം? ചിലർ പറഞ്ഞേക്കാം, "ഞങ്ങൾക്ക് ആവശ്യം പുതിയ കെട്ടിടമാണ്." മറ്റു ചിലർ പറഞ്ഞേക്കാം, "ഞങ്ങൾക്ക് ആവശ്യം കൂടുതൽ ആളുകൾ ശുശ്രൂഷകൾക്കായി ഉൾപ്പെടണമെന്നതാണ്." വേറെ ചിലർ പറയും, "പരാതിയും മുറുമുറുപ്പും ഏറ്റവും കുറഞ്ഞിരിക്കണം എന്നതാണ് ഞങ്ങളുടെ ആവശ്യം."

നമുക്കു മറ്റെന്തിനേക്കാളും ആവശ്യമായതു ക്രിസ്ത്യാനികൾ കാണണമെന്ന് പൗലൊസ് ആഗ്രഹിക്കുന്നു - അത് ദൈവത്തിന്റെ, പകരുന്ന ശക്തിയും, വീര്യവുമാണ്. ആ ശക്തി *പ്രാർത്ഥന*യോടുകൂടെയാണ് ജീവിതത്തിൽ ഉണ്ടാകുന്നത്. ഏതൊരു ഇടവകക്കും കർത്താവിനെ പ്രസാദിപ്പിക്കുവാൻ, ദൈവികശക്തി ആവശ്യമാണ്, അതു പ്രാർത്ഥന മൂലമാണ് ലഭിക്കുന്നത്. പൗലൊസ് ഇതറിഞ്ഞു, അതുകൊണ്ട് അക്ഷരികമായി അവൻ മുട്ടിന്മേൽ നിന്നു കഠിനമായി പ്രാർത്ഥിച്ചു.

ശക്തി പ്രാർത്ഥനയാലാണ് വരുന്നത്, എന്നാൽ എവിടെയാണ് അതു പ്രവർത്തിക്കുന്നത്? വാക്യം 16 പറയുന്നതു ദൈവശക്തി പ്രവർ *ത്തിക്കുന്നത്* നമ്മുടെ "ആന്തരിക മനുഷ്യനിലാണ്" എന്നാണ്. ക്രിസ്ത്യാനിയുടെ "ആന്തരിക മനുഷ്യൻ" ക്രിസ്തീയ ചിന്തകളെയും, പ്രവൃത്തികളെയും, ലക്ഷ്യങ്ങളെയും, വികാരങ്ങളെയും നിയന്ത്രിക്കുന്ന മുറിയായി പ്രവർത്തിക്കുന്നു. ആ നിയന്ത്രണമുറി ശരിയായി പ്രവർത്തിക്കുവാൻ ദൈവിക ഊർജ്ജം ആവശ്യമാണ്.

എനിക്ക് ഒരു ലാപ്ടോപ് കമ്പ്യൂട്ടർ ഉണ്ട്. അതു ഒരു ബാറ്ററിയിൽ, കുറെ നേരം പ്രവർത്തിക്കും. എങ്ങനെയായാലും, ഒരു സമയത്ത്, അതിന്റെ പച്ച ലൈറ്റ് അണയുകയും, ഒരു ബീപ് ശബ്ദം കേട്ടുകൊണ്ടിരിക്കയും ചെയ്യും. അതിനർത്ഥം അതിന്റെ ഊർജ്ജം തീർന്നുപോയി എന്നാണ്. എനിക്കു തുടർന്നു കമ്പ്യൂട്ടർ ഉപയോഗിക്കണമെന്നുണ്ടെങ്കിൽ, അതിനു ആവശ്യമായ ഊർജ്ജം കൊടുക്കുകയല്ലാതെ വേറെ നിവൃത്തിയില്ല.

നിങ്ങൾ ആത്മിയ ബാറ്ററിയിൽ പ്രവർത്തിക്കുകയില്ല, എന്നാൽ നിങ്ങൾക്ക് ആവശ്യം ആന്തരിക ഊർജ്ജമാണ്. ഇതു വായിക്കുമ്പോൾ

നിങ്ങൾ നന്നായി പ്രവർത്തിക്കുന്നവർ ആകാം; നിങ്ങളുടെ ജീവിതത്തിലെ പച്ച ലൈറ്റ് പ്രകാശിച്ചുകൊണ്ടായിരിക്കാം ഇരിക്കുന്നത്. ഒരുപക്ഷെ നിങ്ങൾക്കുള്ളിൽ സമൃദ്ധമായ ഊർജ്ജം ലഭിച്ചുകൊണ്ടായിരിക്കാം ഇരിക്കുന്നത്. നേരെ മറിച്ചു, ഊർജ്ജം താഴ്ന്ന നിലയിലുള്ളവരായി, നിങ്ങൾ ആത്മിയമായ ഊർജ്ജം തീർന്നവർ ആയി തീരാം. നിങ്ങളുടെ ആവശ്യങ്ങൾക്കോ, മറ്റുള്ളവരുടെ ആവശ്യങ്ങളെയും കരുതലിനെയും കുറിച്ചു ചിന്തിക്കുവാനോ ആവശ്യമുള്ള ഊർജ്ജം നിങ്ങൾക്ക് നഷ്ടപ്പെട്ടതായി കാണാം.

വ്യക്തിപരമായി അർബ്ബുദ രോഗത്തോടു മല്ലിട്ടുകൊണ്ടിരുന്ന ഇരുണ്ട നാളുകളിൽ, റാന്റി ബെക്ടൺ തന്റെ ഊർജ്ജം കുറയുന്നതായി കണ്ടു – തന്റെ ഭൗതിക ഊർജ്ജം മാത്രമല്ല, മാനസികവും ആത്മികവുമായ ഊർജ്ജവും കുറഞ്ഞു. ഊർജ്ജത്തിന്റെ ഉറവിടം ദൈവത്തിലാണെന്നു അയാൾ കണ്ടെത്തി. അത് അയാൾ "അതുകൊണ്ട് ദൈവമേ, എന്നെ സഹായിക്കേണമേ" എന്ന ഈ കവിതയിൽ, വിവരിക്കുന്നു:

> ഇപ്പോഴുള്ള വേദന
> നിന്നെ കൂടാതെ
> എനിക്കു സഹിക്കാവുന്നതിനപ്പുറമാണ്.
> നിന്നെ കൂടാതെ
> എന്റെ ക്ഷീണവും ഭയവും
> എനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്നതിനപ്പുറമാണ്.
> എന്റെ കാഴ്ച്ച ശക്തി ഇരുട്ടിൽ മിന്നിക്കൊണ്ടിരിക്കുന്ന
> മെഴുകുതിരിപോലെയാണ്,
> അത് നിന്നെ കൂടാതെ
> ഇരുണ്ടതാണ്.
> ഞാൻ ഏറ്റുപറയുന്നു:
> നിന്നെ കൂടാതെ മരിക്കുമെന്നു
> ഞാൻ ഭയപ്പെട്ടു.
>
> നിന്നെ കൂടാതെ
> എനിക്കു വിശ്വാസത്തിന്റെ ഉല്പന്നങ്ങൾ ഒന്നുമില്ല.
> അതുകൊണ്ടു ദൈവമേ, എന്നെ സഹായിക്കണമേ,
> നിന്നോ*ടൊപ്പം*
> ഓരോ കാലടികൾ എടുത്തുവെക്കുവാൻ.
> നീ മാത്രമാണ് എന്റെ ഏക പ്രത്യാശ![2]

നമ്മുടെ "ആന്തരിക മനുഷ്യനു" ആണ് ദൈവത്തിന്റെ ശക്തി ആവശ്യം.

പൗലൊസിന്റെ പ്രാർത്ഥനയിൽ നിന്നു മറ്റു ചിലതു ശ്രദ്ധിക്കുക. ദൈവം തന്റെ ശക്തി നമ്മിൽ തരുന്നതിന്റെ *ഉദ്ദേശം* വാക്യം 17-ൽ കാണാം: "വിശ്വാസം മൂലം ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനു; ..." രണ്ടു ഗ്രീക്കു വാക്കുകൾ "വസിക്കുക" എന്നതു പോലെ തർജ്ജിമ ചെയ്യാം. ഒന്ന് അർത്ഥമാക്കുന്നത് താല്ക്കാലികമായി ഒരു സ്ഥലത്ത് താമസിക്കുക എന്നാണ്. മറ്റൊരു ഗ്രീക്ക് വാക്കിന്റെ അർത്ഥം "ഉറപ്പിക്കുക" എന്നാണ്. അതു ഒരു ഹോട്ടൽ മുറിയും വീടും തമ്മിലുള്ള വ്യത്യാസമാണ് കാണിക്കുന്നത്.

നാം ഒരു സ്ഥലത്തു താല്ക്കാലികമായി താമസിക്കുന്നു; എന്നാൽ മറ്റൊന്നിലാണ് നാം വാസ്തവത്തിൽ താമസിക്കുന്നത്. ഈ വേദഭാഗത്ത് പൗലൊസ് രണ്ടാമത്തെ വാക്കാണ് ഉപയോഗിച്ചത് (ഗ്രീക്ക്.: *കറ്റൊയികെയോ*). സ്ഥിര വാസമാണ് അവന്റെ മനസ്സിൽ ഉണ്ടായിരുന്നത്.

നമ്മുടെ ഹൃദയങ്ങളിൽ യേശു സ്ഥിരമായി വസിക്കുമാറാക്കുവാൻ കർത്താവിന്റെ സഭയുടെ ഇടവകകളിൽ ദൈവത്തിന്റെ ശക്തി പകരേണ്ടതിനു പൗലൊസ് ദൈവത്തോടു പ്രാർത്ഥിക്കുന്നു. നമ്മുടെ ഹൃദയങ്ങളിൽ ഒരു സന്ദർശകൻ ആകുവാനല്ല യേശു ആഗ്രഹിക്കുന്നത്. നമ്മുടെ ജീവിതത്തിലെ സന്ദർശകരുടെ ലിസ്റ്റിൽ ആകുവാനല്ല യേശു ആഗ്രഹിക്കുന്നത്. സ്ഥിര താമസമാക്കുന്നതാണ് അവന്റെ മനസ്സിൽ.

നമ്മുടെ ജീവിതത്തിൽ യേശു വസിക്കുന്നു എന്നു നമുക്ക് എങ്ങനെ അറിയാം? പ്രാദേശിക ഇടവകകളിലും നമ്മിലും അവൻ വസിക്കുന്നു എന്നു ഏത് പരീക്ഷണം സൂചിപ്പിക്കുന്നു? ദൈവശക്തി വാസ്തവത്തിൽ ഒരു ഇടവകയിൽ ഉണ്ടെങ്കിൽ, അവിടെയുള്ള ക്രിസ്ത്യാനികൾക്കു തമ്മിൽ തമ്മിൽ ആഴമേറിയ സ്നേഹം ഉണ്ടാകും എന്നു പൗലൊസ് പറഞ്ഞു. നാം “സ്നേഹത്തിൽ വേരൂന്നി വളരും.” ഒരു ഇടവകയിൽ സ്നേഹമുള്ളതു സൂചിപ്പിക്കുന്നത് കർത്താവിന്റെ സാന്നി ധ്യത്തെയാണ്. ആ തത്വം ആവർത്തന യോഗ്യമാണ്: ഒരു സഭയിൽ സ്നേഹം ഉള്ളതു സൂചിപ്പിക്കുന്നത് കർത്താവിന്റെ സാന്നിധ്യമാണ്.

ഒരു പ്രാദേശിക സഭയിൽ സ്നേഹം ഉണ്ടാകേണ്ടതിന്റെ പ്രാധാന്യത്തെ ബ്രദർ വില്ലാർഡ് റ്റേറ്റ് ഊന്നി പറഞ്ഞിരിക്കുന്നു:

> ഡള്ളാസിന്റെ വടക്കുള്ള ഒരു ചെറിയ ടൗണിൽ ഒരു സെമിനാറിൽ പങ്കെടുക്കുവാൻ കാറിൽ പോയത് ഞാൻ ഓർക്കുന്നു ... സഭ കൃത്യമായും സ്ഥിതി ചെയ്തിരുന്നതു എവിടെ എന്ന് എനിക്കറിയില്ലായിരുന്നു. അതുകൊണ്ടു ഞാൻ ഒരു 7-11 കടയുടെ അടുത്ത് വണ്ടിനിർത്തുവാൻ കാരണം, ആ കടയിൽ നിന്നു നോക്കിയാൽ, എളുപ്പത്തിൽ കെട്ടിടം കാണാമെന്നുള്ളതുകൊണ്ടാണ്. വണ്ടിയിൽ ഇന്ധനം അടിക്കുന്ന ആളുടെ അടുക്കൽ ഞാൻ ചെന്നു അടുത്ത് എവിടെയാണ് സഭാ മന്ദിരം സ്ഥിതി ചെയ്യുന്നത് എന്നു ചോദിച്ചു.
>
> “ഇല്ല, എനിക്കറിയാമെന്നു തോന്നുന്നില്ല,” അയാൾ മറുപടി പറഞ്ഞു.
>
> പിന്നെ ഞാൻ ചെന്നു അകത്തുള്ള ഉടമസ്ഥനോടു ചോദിച്ചു. അയാൾക്കും സഭയെ കുറിച്ചു, അറിയില്ലായിരുന്നു. അതുകൊണ്ടു ഞങ്ങൾക്കു ഫോൺ ബുക്കിൽ നോക്കേണ്ടി വന്നു!
>
> ഇപ്പോൾ, ഇവർക്കാർക്കും സഭയുമായി പരിചയമുണ്ടായിരുന്നില്ല. സഭ ഉണ്ടോ എന്നു പോലും അവർക്ക് അറിയില്ലായിരുന്നു! ...
>
> നിർഭാഗ്യവശാൽ, ഒന്നിലധികം അത്തരം അനുഭവങ്ങൾ എനിക്കു ഉണ്ടായിട്ടുണ്ട്. എന്നാൽ ഞാൻ എന്തു കേൾക്കുവാൻ ആഗ്രഹിച്ചിരുന്നു എന്നു നിങ്ങൾക്കറിയാമോ? ആ ആളുകൾ എന്നോടു ഇങ്ങനെ പറഞ്ഞി രുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചു, “ഒരു കൂട്ടം ആളുകൾ ആ കുന്നിന്റെ മുകളിൽ കൂടി വരുന്നുണ്ട്. അവർ എന്താണെന്നോ അവർ ഏതു പേരിൽ അറിയപ്പെടുന്നു എന്നോ അറിയില്ല, പക്ഷെ നിങ്ങൾ ജീവിതത്തിൽ കണ്ടിട്ടില്ലാത്ത രീതിയിൽ അവർ അന്യോന്യം സ്നേഹിക്കുന്നവരാണ്. അവർ അന്യോ

ന്യം കരുതുകയും, മറ്റുള്ളവരുടെ ആവശ്യങ്ങൾ, നിറവേറ്റുകയും ചെയ്യുന്നു. നിങ്ങൾ അവിടെ പോയാൽ അവരാരാണെന്നു നിങ്ങൾക്ക് അറിയാം."[3]

ഒരു സഭയിലെ സ്നേഹം സൂചിപ്പിക്കുന്നത് കർത്താവിന്റെ സാന്നിധ്യമാണ്. ഒരു പ്രാദേശിക സഭയിലെ ക്രിസ്ത്യാനികൾക്കു അന്യോന്യം സ്നേഹിക്കുവാൻ വേണ്ട ശക്തി ദൈവം തരും.

### യേശുവിന്റെ സ്നേഹം മനസ്സിലാക്കുവാൻ ദൈവം ശക്തി തരുന്നു

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വ്യാപ്തി ക്രിസ്ത്യാനികൾ മനസ്സിലാക്കുവാൻ പൗലൊസ് ആഗ്രഹിക്കുന്നു:

> ... നിങ്ങൾ സ്നേഹത്തിൽ വേരൂന്നി, അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്ത് എന്നു, സകല വിശുദ്ധന്മാരോടുകൂടെ ഗ്രഹിപ്പാനും, പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിനെ അറിയാനും, ... (3:17-19).

നിങ്ങൾ എപ്പോഴെങ്കിലും കടൽക്കരയിൽ നിന്നിട്ടുണ്ടോ? നിങ്ങൾ എപ്പോഴെങ്കിലും ഗ്രാന്റ് കാനിയോണിൽ പോയിട്ടുണ്ടോ? പെസിഫിക് ഉൾക്കടലിന്റെ വ്യാപ്തി അളക്കുവാനായി - കുട്ടികൾ ഉപയോഗിക്കുന്ന ഒരു പ്ലാസ്റ്റിക് സ്കെയിൽ ഉപയോഗിച്ചാൽ - എത്ര നാൾ എടുക്കുമെന്നു ഊഹിക്കുക. ഗ്രാന്റ് കാനിയോണിന്റെ ഓരോ ഇഞ്ചും അളക്കുവാൻ എത്ര നാൾ എടുക്കും? അത് അളക്കുവാൻ സാധിക്കാത്തതുപോലെ, യേശുവിനു നിങ്ങളോടുള്ള സ്നേഹത്തെ അളക്കുവാൻ ആവശ്യമായ സമയത്തെയും പരിശ്രമത്തെയും വർണ്ണിക്കുവാൻ പോലും സാധ്യമല്ല.

ഒരു കുട്ടികളുടെ പാട്ടിൽ പറയുന്നു, "യേശു എന്നെ സ്നേഹിക്കുന്നു! അത് എനിക്കറിയാം." യേശു നമ്മെ സ്നേഹിക്കുന്നതു മനസ്സിലാക്കുവാനുള്ള ശക്തി ദൈവം തരാതെ അതു ഗ്രഹിക്കുവാൻ നമുക്കു സാധ്യമല്ല.

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ *വീതി* ഗ്രഹിക്കുവാൻ ദൈവ ത്തിൽ നിന്നുള്ള ശക്തി ആവശ്യമാണ്. മനുഷ്യവർഗ്ഗത്തെ മുഴുവൻ ആലിംഗനം ചെയ്യുന്നതാണ് അവന്റെ സ്നേഹം - ലോകത്തിലുള്ള ഓരോ പുരുഷന്മാരെ, സ്ത്രീകളെ, ആൺകുട്ടികളെ, പെൺകുട്ടികളെ എല്ലാം. നിങ്ങളെ പേർ ചൊല്ലി അവന് അറിയാം. അവൻ എല്ലായ്പ്പോഴും അങ്ങനെയാണ്. അവനു നിങ്ങളുടെ മുഖം അറിയാം. നിങ്ങൾ ചിരിക്കുന്ന ശബ്ദവും യേശുവിനു തിരിച്ചറിയാം. നിങ്ങളുടെ ശബ്ദം അവനു പെട്ടെന്നു തിരിച്ചറിയാം. നിങ്ങളെ ഉപദ്രവിച്ചവരിൽ നിങ്ങൾ മറച്ചുവെച്ചതു അവനറിയാം. അവനെ പ്രീതിപ്പെടുത്തുന്നതിൽ നിങ്ങൾ വിചാരപ്പെടേണ്ടതില്ല. അവൻ നിങ്ങളെ സ്വീകരിക്കുമോ ഇല്ലയോ എന്നതിനെ ഓർത്തു വിചാരപ്പെടേണ്ട. യേശു നിങ്ങളെ സ്നേഹിക്കുന്നുണ്ട്.

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ *നീളം* അറിയുവാൻ ദൈവശക്തി ആവശ്യമാണ്. അവന്റെ സ്നേഹം നിത്യത മുതൽ നിത്യത വരെ നീണ്ടിരിക്കുന്നു. നിങ്ങൾ ജനിക്കുന്നതിനുമുൻപു തന്നെ അവൻ നിങ്ങളെ സ്നേഹിച്ചിരുന്നു. മറ്റാരും സ്നേഹിക്കുന്നതിനേക്കാൾ അധികമായി അവൻ ഇപ്പോൾ

നിങ്ങളെ സ്നേഹിക്കുന്നുണ്ട്, എന്നേക്കും അവൻ സ്നേഹിക്കുകയും ചെയ്യും. നിങ്ങൾ അവനെ സ്നേഹിക്കാത്ത രീതിയിൽ പ്രവർത്തിക്കുമ്പോഴും, അവൻ നിങ്ങളെ സ്നേഹിക്കും. നിങ്ങളെ സ്നേഹിക്കുന്ന യേശുവിന്റെ സ്നേഹത്തെ തടയുവാൻ ഒരു ശക്തിക്കും സാധ്യമല്ല.

കയറുകൊണ്ട് ബന്ധിക്കുവാൻ പറ്റാത്ത, ഒരിക്കലും അവസാനിക്കാത്ത നമുക്കുവേണ്ടിയുള്ള ഈ സ്നേഹത്തെ നമ്മുടെ ലോകത്തിനു മനസ്സിലാക്കുവാൻ പ്രയാസമാണ്. "എങ്കിൽ" എന്ന സ്നേഹത്തെയാണ് നമുക്കു പരിചയമുള്ളത് - അതു നിബന്ധനയോടുകൂടിയ സ്നേഹമാണ്. "കഴിയുന്ന വിധത്തിൽ" ഉള്ള സ്നേഹത്തെ നമുക്ക് അറിയാം: തങ്ങളുടെ പ്രതീക്ഷകളനുസരിച്ചു *കഴിയുന്ന വിധത്തിൽ* നാം പ്രവർത്തിക്കുമ്പോഴാണ് സാധാരണ ആളുകൾ നമ്മെ സ്നേഹിക്കുന്നത്. എങ്ങനെയായാലും, യേശുവിനു നമ്മോടുള്ളത്, നിബന്ധന കൂടാതെ, "ഒരിക്കലും സ്നേഹിക്കുന്നതു നില്ക്കാത്ത" സ്നേഹമാണ്.

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ *ഉയരം* മനസ്സിലാക്കുവാൻ ദൈവശക്തി ആവശ്യമാണ്. അവൻ തന്റെ പിതാവിനോടൊപ്പം സ്വർഗ്ഗത്തിലാണ്, നാളെയും അവിടെ ആകണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്. അവന്റെ സ്നേഹം ഉയരത്തിലെത്തുന്നതായതുകൊണ്ട് കുറഞ്ഞ ഒന്നിലും നാം തൃപ്തിപ്പെടുവാൻ അവൻ ആഗ്രഹിക്കുന്നില്ല. സാത്താൻ അങ്ങനെ ആഗ്രഹിക്കും. യേശു തരുന്നതു നഷ്ടപ്പെടുത്തുവാനായി നമ്മെ വസ്ത്രത്തിന്റേയും, കാറിന്റേയും, ജോലിയുടേയും, കളികളുടേയും, സ്വാർത്ഥതയുടേയും പുറകെ പോകുവാൻ സാത്താൻ ആഗ്രഹിക്കും. എന്നേക്കും നമ്മുടെ സ്വർഗ്ഗസ്ഥപിതാവിനോടു കൂടെ വസിക്കുവാനുള്ള നേട്ടത്തോടൊപ്പം, യേശു നമുക്കു തരുവാൻ ആഗ്രഹിക്കുന്നത് സ്വർഗ്ഗവും, നിത്യജീവനും, പൂർണ്ണ സന്തോഷവും, സമാധാനവും, നമുക്കുവേണ്ടി മാത്രം ഉണ്ടാക്കപ്പെട്ട ഭവനവുമാണ്.

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ *ആഴം* അറിയുവാൻ ദൈവശക്തി ആവശ്യമാണ്. ക്രിസ്തുവിന്റെ സ്നേഹം യേശുവിനെ സ്വർഗ്ഗത്തോടു യാത്ര പറഞ്ഞു ഭൂമിയിലേക്കു വന്നു ജനിക്കുവാൻ തക്ക ആഴമുള്ളതും, സ്വയമായി ക്രൂശിൽ മരിക്കത്തക്ക ആഴമുള്ളതും, ക്രൂശിൽ നമ്മുടെ എല്ലാം പാപങ്ങളെ അവൻ തന്റെ ശരീരത്തിൽ ചുമക്കുവാൻ തക്ക ആഴമുള്ളതും, നമ്മുടെ രക്ഷകനും, കർത്താവും, സ്നേഹിതനുമാകേണ്ടതിന് - ജീവനോടെ - കല്ലറയിൽ നിന്നു പുറത്തു വരുവാൻ തക്ക ആഴമുള്ളതും അഗാധവുമാണ്.

എന്റെ സിദ്ധാന്തം ഇതാണ്: ക്രിസ്തുവിനെ അനുഗമിക്കുന്നവർ അവന്റെ നമ്മോടു സ്നേഹത്തിന്റെ യാഥാർത്ഥ്യത്തോട് അടിമപ്പെടുകയും ആദരവു കാണിക്കുകയും ചെയ്താൽ, നമ്മുടെ ജീവിതം മാറും. ക്രിസ്തുവിന്റെ സ്നേഹം മനസ്സിലാക്കി നമുക്ക് ആളുകളോടു മോശമായി പെരുമാറുവാൻ കഴിയുകയില്ല. ക്രിസ്തുവിന്റെ സ്നേഹം മനസ്സിലാക്കി നമുക്ക് അതു തടഞ്ഞു വെക്കുവാൻ സാധ്യമല്ല. അതു മറ്റുള്ളവരിലേക്ക് ഒഴുകേണ്ടതാണ്. ക്രിസ്തുവിന്റെ സ്നേഹം മനസ്സിലാക്കി നമുക്ക് മറ്റുള്ളവരോടു ദയയില്ലാതെ പെരുമാറുവാൻ സാധ്യമല്ല, കാരണം നമുക്ക് അറിയാം യേശു എത്ര മാത്രം ആ വ്യക്തിയെ സ്നേഹിക്കുന്നു എന്ന്.

അവനെ ആരാധിക്കാതെയും അവനെ പുകഴ്ത്താതെയും നമുക്കു ക്രിസ്തുവിന്റെ സ്നേഹത്തെ മനസ്സിലാക്കുവാൻ സാധ്യമല്ല. നമുക്കു കഴി

യുന്ന എല്ലാ വിധത്തിലും അവനെ ആദരിക്കാതെയും സേവിക്കാതെയും ഇരുന്നാൽ നമുക്കു ക്രിസ്തുവിന്റെ സ്നേഹം മനസ്സിലാക്കുവാൻ സാധ്യമല്ല.

ക്രിസ്തുവിന്റെ സ്നേഹം മനസ്സിലാക്കുവാനുള്ള ശക്തി നമ്മിൽ നിന്നു വരുന്നതല്ല എന്നു നാം ഓർമ്മിക്കണം. നാം നമ്മുടെ മുട്ടിന്മേൽ നിന്നു അതിനുവേണ്ടി പ്രാർത്ഥിക്കണം. അതു മനസ്സിലാക്കുവാനുള്ള ശക്തി ദൈവത്തിനു മാത്രമേ നല്കുവാൻ കഴിയൂ. ദൈവ ശക്തി നിങ്ങളുടെ ഇടവകയിലേക്കു ഒഴുകുവാൻ പ്രാർത്ഥിക്കുക. ദൈവം ആഗ്രഹിക്കുന്നതുപോലെ ക്രിസ്തുവിലുള്ള സഹോദരങ്ങൾ അന്യോന്യം സ്നേഹിക്കേണ്ടതിനു അവർക്ക് ശക്തി ലഭിക്കുവാൻ അവർക്കായി പ്രാർത്ഥിക്കുക. യേശുവിന്റെ അത്ഭുത സ്നേഹം നിങ്ങൾക്കു മുൻപു ഗ്രഹിക്കുവാൻ കഴിയാതിരുന്നതു ഗ്രഹിക്കുവാൻ നിങ്ങൾക്കും ഇടവകക്കും ശക്തി നൽകുവാൻ വേണ്ടി പ്രാർത്ഥിക്കുക. സമയം എടുത്തു പ്രത്യേകമായി സഭയിലെ ഒരു വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുക. അവന്റെ അഥവാ അവളുടെ ജീവിതത്തിൽ ശക്തിവരേണ്ടതിനു പ്രാർത്ഥിക്കുക. പിന്നീട്, ആ വ്യക്തിയോടു അതു പറയുക. നിങ്ങളുടെ പ്രാർത്ഥനയെ കുറിച്ചു അവനോട് അല്ലെങ്കിൽ അവളോടു പറയുക.

## ദൈവത്തിന്റെ എല്ലാ നിറവും നമ്മിൽ നിറക്കേണ്ടതിന്നു ദൈവം ശക്തി തരുന്നു

“സകല ബുദ്ധിയേയും കവിയുന്ന ക്രിസ്തുവിന്റെ സ്നേഹം” പ്രാദേശിക സഭ അറിയേണ്ടതിന് പൗലൊസ് പ്രാർത്ഥിക്കുന്നു. എന്തുകൊണ്ട്? എന്തുകൊണ്ടെന്നു വാക്യം 19 പറയുന്നു: അതു “ദൈവത്തിന്റെ സർവ്വവും നമ്മിൽ നിറക്കേണ്ടതിനാണ്.”

സ്വർത്ഥത നിമിത്തം കുടുംബം ഉപേക്ഷിച്ചു വർഷങ്ങളോളം ജീവിച്ച ഒരു മനുഷ്യന്റെ സംഭവം ജെ. വിൽബർ ചാപ്മാൻ പറയുകയുണ്ടായി. അവൻ തിരഞ്ഞെടുത്ത ജീവിതം അവനെ നശിപ്പിച്ചു. അവൻ കീറിപ്പറിഞ്ഞ വസ്ത്രങ്ങളുമായി, ഉപജീവനത്തിനായി യാചിക്കുവാൻ തുടങ്ങി. ഒരു ദിവസം, അയാൾ എന്തെങ്കിലും കിട്ടുവാൻ കൈ നീട്ടിക്കൊണ്ട് ട്രെയിൻ നിർത്തുന്ന സ്ഥലത്തു നിന്നിരുന്നു. ഒരു യാത്രക്കാരൻ ട്രെയിനിൽ നിന്നിറങ്ങിയപ്പോൾ, യാചകൻ അദ്ദേഹത്തിന്റെ പുറകുവശത്തു ചെറുതായി തട്ടി.

“യജമാനനേ, എനിക്കു ഒരു നാണയം തരുമോ? ഒരു നാണയം മാത്രം?”

ആ യാത്രക്കാരൻ മുഖം തിരിച്ചു, എങ്കിലും യാചകൻ കൈനീട്ടി. യാചകൻ ആ യാത്രക്കാരന്റെ മുഖത്തേക്കു നോക്കി ... അവൻ അതു കണ്ടപ്പോൾ, അവന്റെ മുഖം വാടി വിളറി അവൻ ഞെട്ടിപ്പോയി. ആ യാത്രക്കാരൻ അവന്റെ അപ്പൻ ആയിരുന്നു. അവൻ അദ്ദേഹത്തെ കണ്ടിട്ടു വർഷങ്ങൾ കഴിഞ്ഞു.

“അപ്പാ, എന്നെ മനസ്സിലായോ?” അവൻ ചോദിച്ചു.

ആ അപ്പൻ തന്റെ കൈകൾ കൊണ്ടു മകനെ കെട്ടിപ്പിടിച്ചു. കണ്ണുനീർ ധാരധാരയായി ഒഴുകുവാൻ തുടങ്ങി. “മകനേ, അവസാനം ഞാൻ നിന്നെ കണ്ടെത്തി. ഇത്രയും വർഷങ്ങൾക്കുശേഷം, എനിക്കു നിന്നെ കണ്ടെത്തുവാൻ കഴിഞ്ഞു. നിനക്കു ഒരു നാണയമാണോ വേണ്ടത്? എനിക്ക് ഉള്ളത് എല്ലാം നിന്റേതാണ്.”[4]

ആ യാചകനായിരുന്ന മകനെ പോലെ നമ്മിൽ എത്രപേർ ആയിരുന്നി

ട്ടുണ്ട്? നമ്മുടെ സ്വർഗ്ഗീയ പിതാവു തന്റെ ധനം നമ്മിലേക്കു ഒഴുക്കുവാനിരിക്കുമ്പോൾ, നാം ഒരു നാണയത്തിനായി യാചിച്ചിരുന്നു. വെള്ളിയാഴ്ച്ച രാത്രി ഒരു സിനിമക്കു പോകുമ്പോഴോ, അല്ലെങ്കിൽ സ്കൂളിലേക്ക് ആവശ്യമുള്ള വസ്ത്രങ്ങൾ വാങ്ങിക്കുമ്പോഴോ, അല്ലെങ്കിൽ ജോലിക്കയറ്റം ലഭിക്കുമ്പോഴോ നാം ജീവിതത്തിൽ എന്തോ നേടി എന്നു വിചാരിക്കും. സ്നേഹിതരുമായി ഒരു രാത്രി പാർട്ടിയിലോ ഹോട്ടലിലോ ചെലവഴിക്കുമ്പോൾ ജീവിതത്തിൽ എന്തോ ലഭിച്ചു എന്നു നാം കരുതും. നാല്പതു വർഷം ജോലി ചെയ്തു വിരമിച്ചു കഴിയുമ്പോൾ കുറെ വർഷം നമ്മുടെ ആഗ്രഹത്തിനു ജീവിക്കാമെന്നു നാം കരുതുന്നു. നമ്മുടെ സ്വർഗ്ഗീയ പിതാവു "അവന്റെ നിറവുകൊണ്ട് നമ്മെ നിറക്കുവാൻ" ആഗ്രഹിക്കുമ്പോൾ, നാം നാണയത്തുട്ടിൽ ഒതുങ്ങുന്നു.

"ദൈവത്തിന്റെ എല്ലാ നിറവും നിറക്കുക" എന്നാൽ എന്താണർത്ഥം? അതിനർത്ഥം യേശുവിനെ പോലെ ആകുക - അവന്റെ ഭാവമുള്ളവരാകുക; അവന്റെ വിചാരം ഉള്ളവരാകുക; അവൻ പ്രവർ ത്തിച്ചതുപോലെ പ്രവർത്തിക്കുക; ദൈവേഷ്ടത്തോട് അവന്റെ സമർപ്പണവും, ദയയും, സ്നേഹവും ഉള്ളവരാകുക എന്നാണ്. അതിനർത്ഥം അവന്നു പിതാവിൽ ഉണ്ടായിരുന്ന ആശ്രയം ഉണ്ടാകുക, ജീവിതത്തോട് അവനുള്ള ഉത്സാഹം ഉണ്ടാവുക, അവനുള്ള സന്തോഷവും, നന്മയും ഉണ്ടാവുക എന്നാണ്. അതിനർത്ഥം യേശു പിതാവിനെ ആദരിക്കുകയും പുകഴ്ത്തുകയും ചെയ്തതുപോലെ തന്നെ ആകുക എന്നർത്ഥം. അതാണ് ജീവിതം!

### ഉപസംഹാരം

തന്റെ ശക്തി ഓരോ പ്രാദേശിക സഭയും അനുഭവിക്കണമെന്നു ദൈവം ശക്തമായും ആഗ്രഹിക്കുന്നു. അന്യോന്യം സ്നേഹിക്കേണ്ടതിനും, യേശുവിന്റെ നമ്മോടുള്ള സ്നേഹത്തെ കാണിക്കേണ്ടതിനും, യേശുവിനെ പോലെയാകുവാനുള്ള ശക്തി ലഭിക്കേണ്ടതിനും ക്രിസ്ത്യാനികളെ ശക്തിപ്പെടുത്തേണ്ടതിന് ഓരോ ഇടവകക്കും ദൈവശക്തി വേണമെന്നു ദൈവം ആഗ്രഹിക്കുന്നു.

നിങ്ങൾക്കു ആളുകളെ സ്നേഹിക്കുവാൻ വിഷമമുണ്ടെങ്കിൽ, അല്ലെങ്കിൽ യേശു നിങ്ങളെ എത്രമാത്രം സ്നേഹിക്കുന്നു എന്നറിയില്ല എങ്കിൽ, പ്രാർത്ഥനയോടെ ആരംഭിക്കുകയാണ് വേണ്ടത്. യേശുവിനെ പോലെ ആകുന്നതിൽ നിങ്ങൾക്കു ഇടർച്ച നേരിടുന്നു എങ്കിൽ, പ്രാർത്ഥിക്കുവാനുള്ള സമയം ഇപ്പോഴാണ്.

അത്തരം പ്രാർത്ഥനക്കു ദൈവം ആശ്ചര്യത്തോടെ നിങ്ങൾക്ക് ഉത്തരമരുളും.

> എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ, നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു, സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ! ആമേൻ (3:20, 21).

കുറിപ്പുകൾ

[1]ഈ.എം. ബൗണ്ട്സ്, ക്വോട്ടഡ് ഇൻ ജാക് ടെയിലർ, *പ്രെയർ: ലൈഫ്സ് ലിമിറ്റ്ലെസ് റീച്ച്* (നാഷ്‌വിലേ, ടെന്ന.: ബ്രോഡ്മാൻ പ്രെസ്, 1977), 15. [2]റാന്റി ബെക്ടൺ, *കമിങ് ടു ഗ്രിപ്സ് വിത്ത് ഗോഡ്* (അബിലിൻ, ടെക്സ്.: റാന്റി ബെക്റ്റൺ, 1977), 111. [3]വില്ലാർഡ് ടെയിറ്റ്, *ലേണിങ് ടു ലൗ* (നാഷ്‌വിലേ, ടെൻ.: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1988), 77. [4]എടുത്തിരിക്കുന്നത്  മാക്സ് ആന്റേഴ്സിൽ നിന്ന്, *ദ ഗുഡ് ലൈഫ്: ലിവിങ്ങ് വിത്ത് മീനിങ്ങ് ഇൻ ഏ "നെവർ – ഇനഫ്" വേൾഡ്* (ഡള്ളാസ്: വേഡ് പബ്ലിഷിങ്, 1993), 78–79.